പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2810 **28-10-2026-ൽ മറുപടിയ്ക്ക്**

മിനി ഫിഷ് ലാൻഡിംഗ് സെന്റർ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. വി. സുമേഷ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) അഴീക്കോട് നീർക്കടവിൽ നിർമിക്കാൻ ഉദ്ദേശിക്കുന്ന മിനി ഫിഷ് ലാൻഡിംഗ് സെന്ററുമായി ബന്ധപ്പെട്ട പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചതിനുശേഷം സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ;

മറുപടി: അഴീക്കോട് നീർക്കടവ് പ്രദേശത്ത് ഫിഷ് ലാൻഡിംഗ് സെന്റർ നിർമ്മിക്കുന്നതിനായുള്ള മാതൃകാപഠനത്തിന്റെ കരട് റിപ്പോർട്ട് CWPRS-ൽ നിന്നും July 2025-ൽ ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരമുള്ള ലേഔട്ട് സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾ, ജനപ്രതിനിധികൾ എന്നിവരുമായി 11.08.2025-ൽ ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ മാതൃകാപഠന റിപ്പോർട്ട് CWPRS-ൽ നിന്നും ഏപ്രിൽ 2026-ൽ ലഭ്യമായിരുന്നു. പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച് മത്സ്യത്തൊഴിലാളികളുമായി 08/07/2026-ന് നീർക്കടവ് ഫിഷറീസ് സ്കൂൾ പരിസരത്ത് ചേർന്ന യോഗത്തിൽ, റിപ്പോർട്ടിൽ വിഭാവനം ചെയ്തിരിക്കുന്ന T-ഗ്രോയിന്റെ എല്ലാ പോയിന്റുകളുടെയും കോർഡിനേറ്റുകൾ ലഭ്യമാക്കുവാനും, പ്രസ്തുത ഗ്രോയിന്റെ ക്രോസ് സെക്ഷൻ കൂടി ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, CWPRS-ൽ നിന്നും പ്രസ്തുത വിശദാംശങ്ങൾ ഉൾപ്പെടുത്തിയ പഠന റിപ്പോർട്ട് ലഭ്യമായ ശേഷം മറ്റ് അനുമതികൾ കൂടി നേടുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

മറുപടി: CWPRS-ൽ നിന്നും പുതുക്കിയ പഠനറിപ്പോർട്ട് ലഭ്യമായശേഷം EIA, CRZ ക്ലിയറൻസ്, കേരള മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും കൺസെന്റ് എന്നിവ കൂടി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ